പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2590      11.10.2011 ൽ മറുപടിക്ക്

## ചെർപ്പുളശ്ശേരി - പെരിന്തൽമണ്ണ റോഡ് വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) | |
| (എ) | ചെർപ്പുളശ്ശേരി–പെരിന്തൽമണ്ണ റോഡ് സ്റ്റേറ്റ് ഹൈവേ ആയി അംഗീകരിച്ചെങ്കിലും ഇതുവരെ വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല എന്ന വസ്തുത ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ റോഡിന്റെ വികസനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) | പാലക്കാട് പെരിന്തൽമണ്ണ SH-53 ൻെറ ഭാഗമായ ചെർപ്പുളശ്ശേരി–പെരിന്തൽമണ്ണ റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിൻെറ ഭാഗമായി ചീഫ് എഞ്ചി നീയർ സമർപ്പിച്ച ചെർപ്പുളശ്ശേരി ടൗൺ ഇംപ്രൂവ്മെന്റിനായുള്ള 650 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും പാലക്കാട് പെരിന്തൽമണ്ണ റോഡ് ബി.എം.& ബി.സി ചെയ്യുന്നതിന് കി.മി.27/000 മുതൽ 36/000 വരെ 785 ലക്ഷം രൂപയുടെയും 36/000 മുതൽ 43/879 വരെ 1000 ലക്ഷം രൂപയുടെയും റഫ് കോസ്റ്റ് എസ്റ്റിമേറ്റിനും ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ റോഡിന്റെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുമോ ? | | |

സെക്ഷൻ ഓഫീസർ